സ്പെഷ്യൽ ടീച്ചേഴ്സ്

40 (532) **ശ്രീ. പി. എൻ. ചന്ദ്രസേനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കേണ്ടെന്നു കാണിച്ച് വല്ല ഉത്തരവും ഉണ്ടായിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിന് കാരണം എന്താണ്?

ഉത്തരം

(എ) എൽ. പി. സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരുടെ നിയമനം ബഡ്ജറ്റിൽ തുക കൊള്ളിക്കാതിരുന്നതു മൂലം ഏതാനും വർഷങ്ങളായി നടക്കുന്നില്ല് എന്നാൽ ഈ കൊല്ലം മുതൽ അടുത്ത 5 വർഷത്തേക്ക് യു. പി. സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപക തസ്തിക പുതുതായി സൃഷ്ടിക്കുന്നതിനെ നിരോധിച്ചുകൊണ്ട് 15–5–69 –ൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ പൂർണ്ണ ഹൈസ്കൂളുകളിലും സ്പെഷ്യൽ പോസ്റ്റുകളിൽ ഫുൾടൈം സ്പെഷ്യൽ അദ്ധ്യാപകർ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രധാനമായും സാമ്പത്തിക പരിഗണന വച്ചുകൊണ്ടാണ് ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതു്. അതുപോലെതന്നെ എല്ലാ പാർട്ട് ടൈം സ്പെഷ്യൽ അദ്ധ്യാപക തസ്തികകളും ഫുൾടൈം സ്പെഷ്യൽ അദ്ധ്യാപക തസ്തികകളും ഫുൾടൈം ആക്കണമെന്നുള്ള ഗവണ്മെന്റിനയം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള ഒരു നടപടിയായി പാർട്ട്ടൈം തസ്തിക നിർത്തലാക്കേണ്ടതായുമുണ്ട്. എങ്കിൽ മാത്രമേ വർദ്ധിച്ചുവരുന്ന ചെലവ് നിയന്ത്രിക്കുവാനും സാധിക്കുകയുള്ളു.

ഹിന്ദി ടെയിനിംഗ് കോളേജുകൾ

41 (546) **ശ്രീ. പി. എൻ. ചന്ദ്രസേനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായിരുന്ന ഹിന്ദി ടെയിനിംഗ് കോളേജുകൾ നിറുത്തലാക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

ഉത്തരം

(എ, ബി) 5–8–1969-ൽ 19-ാം നമ്പർ ചോദ്യത്തിനനുകിയ ഉത്തരത്തിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

II. ADJOURNMENT MOTION

Clash between political parties in Palghat.

മി. സ്പീക്കർ: ഇന്നലെ (18–8–69)-ൽ പാലക്കാട് ടൗണിൽ രണ്ട് രാഷ്ട്രീയപാർട്ടികളിൽപ്പെട്ടവർ തമ്മിലുണ്ടായ സംഘട്ടനത്തെ തുടർന്ന് പാലക്കാടും പരിസരപ്രദേശങ്ങളും എൽക്കുകയും പലരേയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതുമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ച ചെയ്യാൻ സഭാ

9 A.M.]

LIBRARY ARCHIVES Kerala Legislative Assembly